## വയർമാൻ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾക്കു അംഗീകാരം ലഭിക്കുന്നതിനുള്ള നിബന്ധനകൾ

1. ലൈസൻസിംഗ് ബോർഡ് വിജ്ഞാപനം ചെയ്തിട്ടുള്ള സിലബസ് പ്രകാരം 10 മാസത്തെ കോഴ്സ് നടത്തുവാനുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾക്ക് പരിശോധനക്കു ശേഷം അംഗീകാരം നൽകുന്നതായിരിക്കും.
2. സ്ഥാപനത്തിൽ ഒരേ സമയം പതിനഞ്ചു വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം. ഇവയുടെ പര്യാപ്തത ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്.
3. സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതു 3 വർഷത്തേക്കായിരിക്കും.
4. കോഴ്സിന്റെ കാലാവധി ജൂലൈ ഒന്നു മുതൽ ഏപ്രിൽ 30 വരെ ആയിരിക്കും.
5. കുറഞ്ഞത് 50KW സ്കോപ്പോടുകൂടിയ പെർമിറ്റ് ഉള്ള ഒരു സൂപ്പർവൈസറുടെ നേതൃത്വത്തിലായിരിക്കണം പരിശീലനം നടത്തേണ്ടത്. കുറഞ്ഞത് രണ്ടു പരിശീലകരെങ്കിലും ഉണ്ടായിരിക്കണം.
6. പരിശീലനത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനത്തിൽ നിയമിച്ചിട്ടുള്ള സൂപ്പർവൈസർക്കും സ്ഥാപന ഉടമയ്ക്കും ആയിരിക്കും.
7. ഒരു സ്ഥാപനത്തിലെ സൂപ്പർവൈസർ അതേ ലൈസൻസ് ഉപയോഗിച്ച് മറ്റു ജോലികളിൽ ഏർപ്പെടുവാൻ പാടില്ല.
8. ഒരു ബാച്ചിൽ അനുവദിക്കുന്ന വിദ്യാർത്ഥികളുടെ പരമാവധി എണ്ണം 30 ആയിരിക്കും.
9. ഒന്നിൽ കൂടുതൽ കോഴ്സ് നടത്തുന്നവർക്ക് അതിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ പരിശീലകരും ഉണ്ടായിരിക്കേണ്ടതാണ്. പരിശീലകരുടെ ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഐ.ടി.ഐ വയർമാൻ അല്ലെങ്കിൽ ഇലക്ട്രീഷ്യൻ ആയിരിക്കണം.
10 ഒരു ബാച്ചിലെ വിദ്യാർത്ഥികൾക്കായി കുറഞ്ഞത് താഴെ പറയുന്ന ഉപകരണങ്ങളും പ്രായോഗിക പരിശീലന സൗകര്യങ്ങളും ഉണ്ടായിരിക്കണം.

| **ഉപകരണങ്ങൾ** | **എണ്ണം** | **15 വിദ്യാർത്ഥികൾക്കായുള്ള വർക്ക്ഷോപ്പ് സൗകര്യങ്ങൾ** | **എണ്ണം** | **പുസ്തകങ്ങളുടെ പട്ടിക** |
|---|---|---|---|---|
| ഇൻസുലേഷൻ ടെസ്റ്റർ: 500 വോൾട്ട് (മെഗർ) | 1 | വയറിംഗ് ബോർഡുകളും ബെഞ്ചുകളും | 15 | ഇലക്ട്രിസിറ്റി ആക്ട് 2003 |
| വോൾട്ട് മീറ്റർ : 0 – 600 വോൾട്ട് | 1 | വയറിംഗ് ഉപകരണങ്ങൾ | 15 | സി.ഇ.എ (മെഷേഴ്സ് റിലേറ്റിംഗ് റ്റു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റഗുലേഷൻ, 2010 |
| അമ്മീറ്റർ : 0 – 10 ആമ്പിയർ | 1 | ബെഞ്ച് ഡ്രൈവ് | 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് |
| മൾട്ടി മീറ്റർ | 1 | വെൽഡിങ്ങ് സെറ്റ് | 1 | കേരള സിനിമ റഗുലേഷൻ റൂൾസ് – 1988 |
| ടോങ് ടെസ്റ്റർ | 1 | കേജ് മോട്ടോർ | 1 | |
| എർത്ത് ടെസ്റ്റർ | 1 | സ്ലിപ്പ് റിങ്ങ് മോട്ടോർ | 1 | |
| സ്റ്റാൻഡേർഡ് ഡെമോൺസ്ട്രേഷൻ ബോർഡും ഡ്രോയിങ്ങ് ബോർഡും | | | 1 | |

മേൽപ്പറഞ്ഞ ഉപകരണങ്ങൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ലാബോറട്ടറിയിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ടി. സർട്ടിഫിക്കറ്റ് സ്ഥാപനത്തിന്റെ അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

11. അംഗീകാരം ലഭിക്കുന്നതിനും പുതുക്കുന്നതിനും ഉള്ള അപേക്ഷ സൂക്ഷ്മ പരിശോധന ഫീസായ 800/- രൂപയുടെയും അംഗീകാരം ലഭിക്കുന്നതിന്/പുതുക്കുന്നതിനുള്ള ഫീസായ 5000/- രൂപയുടെയും ചെലാൻ ഉൾപ്പെടെ അതാതു ജില്ല ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്ക് ഡിസംബർ 31നു മുമ്പായി സമർപ്പിക്കേണ്ടതാണ്. 500/-രൂപ പിഴയോടു കൂടി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയ്യതി മാർച്ച് 31 ആയിരിക്കും "0043-00-800-99"എന്ന ശീർഷകത്തിലാണ് ഫീസ് ഒടുക്കേണ്ടത്.

12. അതാതു ജില്ല ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർ അംഗീകാരം പുതുക്കുവാനുള്ള അപേക്ഷ സൂക്ഷ്മ പരിശോധനക്കുശേഷം പരിശോധന റിപ്പോർട്ടോടുകൂടി ഏപ്രിൽ 30-നകം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

13. കോഴ്സ് തുടങ്ങി രണ്ടു മാസത്തിനകം അതായത് ആഗസ്റ്റ് 31 ന് മുൻപ് വിദ്യാർത്ഥികളുടെ ലിസ്റ്റ് ലൈസൻസിംഗ് ബോർഡ് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

14. അംഗീകൃത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ലിസ്റ്റ് കിട്ടി 30 ദിവസത്തിനകം സെക്രട്ടറി അവരുടെ പേരുകൾ രജിസ്റ്റർ ചെയ്ത വിവരം ടി. സ്ഥാപനത്തെ അറിയിയ്ക്കുന്നതാണ്.

15. ഈ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥികളെ വയർമാൻ പരീക്ഷക്ക് പങ്കെടുപ്പിക്കുവാൻ അനുവദിക്കുന്നത്.

16. കോഴ്സ് കഴിഞ്ഞ് 15 ദിവസത്തിനകം വിദ്യാർത്ഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതും ടി. വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്.

17. ലൈസൻസിംഗ് ബോർഡിൽ രജിസ്റ്റർ ചെയ്തതും വയർമാൻ കോഴ്സ് തൃപ്തികരമായി പൂർത്തിയാക്കുകയും ചെയ്ത വിദ്യാർത്ഥികളെ മാത്രമേ പരീക്ഷയിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

18 ഓരോ സ്ഥാപനത്തിലും ടി. സ്ഥാപനം മുഖേന പഠിച്ചു പാസാകുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് സൂക്ഷിക്കേണ്ടതും ടി. സ്ഥാപനത്തിന്റെ അംഗീകാരം പുതുക്കുന്ന സമയത്ത് കഴിഞ്ഞ മൂന്നു വർഷത്തെ പരീക്ഷാഫലം കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
സെക്രട്ടറി.